**ഒന്നര ലക്ഷത്തോളം രൂപയുടെ പച്ചക്കറിയും കിഴങ്ങു വർഗ്ഗങ്ങളും കമ്മ്യൂണിറ്റി കിച്ചണുകളിലേക്ക് സൗജന്യമായി നൽകി കൊല്ലം ജില്ലയിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ**

കൊറോണ രോഗത്തിന്റെ വ്യാപനം തടയുന്നതിനായി രാജ്യത്ത് പ്രഖ്യാപിച്ച ലോക്ക് ഡൗൺ തുടരുന്ന സാഹചര്യത്തിൽ, ജനങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാൻ നിരവധി കമ്മ്യൂണിറ്റി കിച്ചണുകളാണ് കൊല്ലം ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കുടുംബശ്രീ സി.ഡി.എസ്സുകളുടെയും നേതൃത്വത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. ഒന്നര ലക്ഷത്തോളം രൂപയുടെ പച്ചക്കറിയും കിഴങ്ങു വർഗ്ഗങ്ങളും ജില്ലയിലെ വിവിധ കമ്മ്യൂണിറ്റി കിച്ചണുകളിലേക്ക് സൗജന്യമായി നൽകി മാതൃകയായിരിക്കുകയാണ് കൊല്ലം ജില്ലയിലെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ. 48,400 രൂപ വില മതിക്കുന്ന 1210 കിലോഗ്രാം പച്ചക്കറിയും 99,450 രൂപ വില മതിക്കുന്ന 3315 കിലോഗ്രാം കിഴങ്ങു വർഗ്ഗങ്ങളുമടക്കം 4525 കിലോഗ്രാം പച്ചക്കറിയാണ് ഇത് വരെ കമ്മ്യൂണിറ്റി കിച്ചണുകളിലേക്ക് ഇവർ സൗജന്യമായി നൽകിയത്. ജില്ലയിലെ വിവിധ സി.ഡി.എസ്സുകളുടെ നേതൃത്വത്തിൽ ആണ് പച്ചക്കറികളും കിഴങ്ങു വർഗ്ഗങ്ങളും നൽകിയിരിക്കുന്നത്. ഏകദേശം 52 ഓളം കമ്മ്യൂണിറ്റി കിച്ചണുകളിലേക്കാണ് അയൽക്കൂട്ടങ്ങൾ നൽകിയ പച്ചക്കറികൾ ഉപയോഗിച്ചത്.

തക്കാളി, വെണ്ടയ്ക്ക, കോവയ്ക്ക, ബീൻസ്, ചീര, പച്ചമുളക്, കറിവേപ്പില, ഏത്തക്കായ, പഴം, ചേന, കപ്പ, കാച്ചിൽ, ചേമ്പ്, പയർ, വാഴക്കൂമ്പ്, വാഴപ്പിണ്ടി, തേങ്ങ, മാങ്ങ, ചക്ക, മത്തങ്ങ, വഴുതനങ്ങ, കുമ്പളങ്ങ തുടങ്ങി വിവിധയിനം പച്ചക്കറികളും കിഴങ്ങു വർഗ്ഗങ്ങളും ആണ് ഇത്തരത്തിൽ അയൽക്കൂട്ടങ്ങൾ സൗജന്യമായി നൽകിയത്. ചില അയൽക്കൂട്ടങ്ങളിൽ നിന്നും വാഴയിലയും മുളക് പൊടി, മല്ലി പൊടി അടക്കമുള്ള മസാല കൂട്ടുകളും നൽകുകയുണ്ടായി. വിവിധ സി.ഡി.എസ്സുകളുടെ നേതൃത്വത്തിൽ

സാധങ്ങൾ സമാഹരിച്ചു കമ്മ്യൂണിറ്റി കിച്ചണുകൾക്ക് കൈമാറുകയാണുണ്ടായത്. ജില്ലയിൽ നൂറോളം കമ്മ്യൂണിറ്റി കിച്ചണുകളാണ് കുടുംബശ്രീ കൊല്ലം ജില്ലാമിഷന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നത്. ഇതിൽ അൻപത്തിരണ്ടോളം കമ്മ്യൂണിറ്റി കിച്ചണുകളിലേക്കാണ് അയൽക്കൂട്ടങ്ങൾ സംഭാവന നൽകിയ പച്ചക്കറികൾ ഉപയോഗിച്ചത്. ഇപ്പോഴും ജില്ലയിലെ വിവിധ സി.ഡി.എസ്സുകളുടെ നേതൃത്വത്തിൽ പച്ചക്കറികൾ സൗജന്യമായി നൽകി വരുന്നുണ്ട്. സി.ഡി.എസ്സുകളുടെ കീഴിൽ ജില്ലയിൽ പ്രവർത്തിക്കുന്ന കുടുബശ്രീ ജെ.എൽ.ജികൾ ആണ് പച്ചക്കറികൾ കൃഷി ചെയ്യുന്നത്. പ്രതിസന്ധി ഘട്ടത്തിലും തങ്ങളുടെ നിസ്വാർത്ഥമായ സേവനം കൊണ്ട് മാതൃക സൃഷ്ടിച്ചിരിക്കുകയാണ് കൊല്ലം ജില്ലയിലെ അയൽക്കൂട്ടങ്ങൾ.